**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 213** 12-07-2022 - ൽ മറുപടിയ്ക്ക്

**സ്വാഭാവിക വനവികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ .പി. കെ. ബഷീർ ,<br>ശ്രീ . മഞ്ഞളാംകുഴി അലി ,<br>ശ്രീ . ടി. വി. ഇബ്രാഹിം | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് അധിനിവേശ സസ്യങ്ങളുടെയും വൃക്ഷങ്ങളുടെയും കടന്നുകയറ്റം സ്വാഭാവിക വനങ്ങളെ ദോഷകരമായി ബാധിച്ചതായി കണ്ടെത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ ഇത്തരം സസ്യങ്ങളെയും വൃക്ഷങ്ങളെയും ഒഴിവാക്കി സ്വാഭാവിക വനം വികസിപ്പിക്കുവാൻ എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | സംസ്ഥാനത്ത് സ്വാഭാവിക വനങ്ങളുടെ പുന:സ്ഥാപനത്തിനായി സർക്കാർ ഉത്തരവ് (കൈ)നം 29/2021/വനം തീയതി 17.12.2021 പ്രകാരം നയരേഖ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. കേരളത്തിൽ അടിക്കടി ഉണ്ടാകുന്ന പ്രകൃതിക്ഷോഭങ്ങളുടെ പശ്ചാത്തലത്തിൽ കേരളത്തിന്റെ പാരിസ്ഥിതിക സുരക്ഷയും ജലസുരക്ഷയും ഉറപ്പാക്കുന്നതിനുള്ള നടപടികൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള നയരേഖയാണ് അംഗീകരിച്ചിട്ടുള്ളത്. കേരളത്തിന്റെ പാരിസ്ഥിതിക സുരക്ഷയും ജല സുരക്ഷയും ഉറപ്പുവരുത്തുന്നതിനായി ദീർഘവീക്ഷണത്തോടെയുള്ള പദ്ധതികളാണ് വിഭാവനം ചെയ്യുന്നത്. ആരോഗ്യകരമായ സ്വാഭാവിക/ പരിസ്ഥിതി പുനസ്ഥാപിക്കുന്നതു വഴി സുസ്ഥിര സാമ്പത്തിക വളർച്ചയും ശ്രേയസ്കരമായ സമൂഹവുമാണ് ലക്ഷ്യം വയ്ക്കുന്നത്. |
| (സി) | സ്വാഭാവിക വനത്തിന്റെ ശോഷണ ഫലമായിട്ടാണോ വന്യമൃഗങ്ങൾ കൃഷിയിടങ്ങളിലേക്ക് ഇറങ്ങുന്നതെന്ന് പരിശോധിക്കുമോ? | (സി) | ഡെറാഡൂണിലെ വൈൽഡ് ലൈഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യയും, കേരള വനം വകുപ്പിലെ പെരിയാർ ടൈഗർ കൺസർവേഷൻ ഫൗണ്ടേഷനും ചേർന്ന് കാട്ടാന ഉൾപ്പെടെയുള്ള വന്യജീവികൾ ജനവാസ കേന്ദ്രങ്ങളിലേയ്ക്ക് ഇറങ്ങുന്നതിനുള്ള കാരണങ്ങളും പ്രതിരോധ മാർഗ്ഗങ്ങളെയും കുറിച്ച് പഠനം നടത്തി വരുന്നുണ്ട്. ടി പഠനത്തിലെ ഇടക്കാല കണ്ടെത്തലുകൾ കൂടി ഉൾപ്പെടുത്തി പെരിയാർ ടൈഗർ കൺസർവേഷൻ ഫൗണ്ടേഷനും, പറമ്പിക്കുളം ടൈഗർ കൺസർവേഷൻ |

| | | | |
|---|---|---|---|
| | | | ഫൗണ്ടേഷനും 2021 ജൂലൈ-ഓഗസ്റ്റ് മാസങ്ങളിൽ വിശദമായ ഒരു പ്രോജക്ട് പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്. ടി പ്രോജക്ട് പ്രൊപ്പോസലിൽ കേരളത്തിലെ മനുഷ്യ-വന്യജീവി സംഘർഷങ്ങൾ വർദ്ധിക്കുവാനുള്ള കാരണങ്ങളിൽ ഒന്നായി സ്വാഭാവിക വനത്തിന്റെ ശോഷണത്തിന് കാരണമായ അധിനിവേശ സസ്യങ്ങളെക്കുറിച്ചും പരാമർശിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ